"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - അധികച്ചുമതല വഹിച്ച കാലയളവിലേക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 3191/2026/ധന** **തീയതി, തിരുവനന്തപുരം 21/03/2026**

പരാമർശം :-
1. കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 17/03/2025-ലെ കെ.എസ്.ഐ.ഡി/394/2025-HQ E3 നമ്പർ നടപടിക്രമം.
2. 23/12/2025 തീയതിയിലെ സ.ഉ.(സാധാ)നം. 10266/2025/ധന.
3. കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 21/11/2025-ലെ കെ.എസ്.ഐ.ഡി/2016/2025-HQ E3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ കണ്ണൂർ ജില്ലാ ഇൻഷ്വറൻസ് ഓഫീസറായിരുന്ന ശ്രീ. ഒമർ ഷെരീഫ് കെ അവധിയിലായതിനെത്തുടർന്നു അസിസ്റ്റന്റ് ജില്ലാ ഇൻഷ്വറൻസ് ഓഫീസറായ ശ്രീ. ബാലകൃഷ്ണൻ വി വി ക്ക് കണ്ണൂർ ജില്ലാ ഇൻഷ്വറൻസ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല നല്കി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ പ്രസ്തുത നടപടിക്ക് സാധൂകരണം നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശ്രീ. ബാലകൃഷ്ണൻ വി വി കണ്ണൂർ ജില്ലാ ഇൻഷ്വറൻസ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന കാലയളവിലേക്ക് ചാർജ്ജ് അലവൻസ് അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലാ അസിസ്റ്റന്റ് ഇൻഷ്വറൻസ് ഓഫീസറായിരുന്ന ശ്രീ. ബാലകൃഷ്ണൻ വി വി-ക്ക് കെ.എസ്. ആർ. ഭാഗം. 1, ചട്ടങ്ങൾ 53 (b) (2) [as amended vide G.O(P) No. 88/2017/Fin dated 11.07.2017], 53 A II (c), 53 (c) എന്നിവ പ്രകാരം അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ, കണ്ണൂർ ജില്ലാ ഇൻഷ്വറൻസ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല വഹിച്ച 17.03.2025 മുതൽ പരമാവധി മൂന്നു മാസക്കാലയളവിലേയ്ക്ക് പരിമിതപ്പെടുത്തി ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എൽസി ജോർജ്ജ്**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള , തിരുവനന്തപുരം
ഡയറക്ടർ , കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.
ശ്രീ. ബാലകൃഷ്ണൻ വി വി, ജില്ലാ അസിസ്റ്റന്റ് ഇൻഷ്വറൻസ് ഓഫീസർ, കണ്ണൂർ
(കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ മുഖേന)
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(ഇ : 3345370/എസ്റ്റാ-ഡി4/162/2025-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ